"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - കാസറഗോഡ് ജില്ലാ മിഷനിൽ ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ.പി.രാജു എന്നവരുടെ അപ്പീൽ അപേക്ഷ - നിരസിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.959/2026/LSGD തീയതി,തിരുവനന്തപുരം, 06-05-2026

---

പരാമർശം:-

1. 13/01/2011-ലെ സ.ഉ.(കൈ) നമ്പർ 09/2011/തസ്വഭവ.
2. W.P (C) 12884/2013 നമ്പർ കേസിലെ 11.10.2022-ലെ വിധിന്യായം.
3. 11-8-2023 - ലെ കുടുംബശ്രീ ഗവേണിംഗ് ബോഡിയുടെ അജണ്ട നമ്പർ 15 പ്രകാരമുള്ള തീരുമാനം.
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 13/12/2024 -ലെ 1480/E1/2023/KSHO നമ്പർ നടപടിക്രമം.
5. ശ്രീ.പി.രാജു 04/01/2025 തിയതിയിൽ സമർപ്പിച്ച അപ്പീലപേക്ഷ.
6. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16/10/2023, 23/08/2025-തിയതികളിലെ 1480/E1/2023/KSHO നമ്പർ കത്തുകൾ.

**ഉത്തരവ്**

കുടുംബശ്രീ കാസറഗോഡ് ജില്ലാ മിഷനിൽ ഡ്രൈവർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശ്രീ.പി.രാജു എന്നവർ ടിയാനെ കെ.എസ്.&എസ്.എസ്.ആർ, പാർട്ട് II, ചട്ടം 9A(1) പ്രകാരം കരാറടിസ്ഥാനത്തിൽ ശമ്പളസ്കെയിലിൽ നിയമനം നല്കണമെന്ന് അപേക്ഷിച്ചു കൊണ്ട് ഫയൽ ചെയ്ത WP(C) 12884/2013-യിന്മേൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ, രണ്ടാം എതിർ കക്ഷിയായ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നതിനും, ആയതിൽ തുടർന്നുള്ള രണ്ടു മാസങ്ങൾക്കകം രണ്ടാം എതിർ കക്ഷി ടിയാനെ നേരിൽ കേട്ട് പരാതി തീർപ്പാക്കുന്നതിനും ബഹു. കേരള ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു.

2. 11-8-2023 -ന് കൂടിയ കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗം അജണ്ട 15 പ്രകാരം ടി വിഷയം പരിശോധിക്കുകയും ഇതൊരു സ്പെഷ്യൽ കേസായി പരിഗണിക്കാനും, ഭാവിയിൽ ഇത്തരത്തിൽ ഒരു ക്ലെയിമുകളും അനുവദിക്കേണ്ടതില്ല എന്നും തീരുമാനിക്കുകയുണ്ടായി.

3. എന്നാൽ, കാസറഗോഡ് ജില്ലാമിഷനിൽ ഡ്രൈവർ കം ഓഫീസ് അസിസ്റ്റന്റ് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ശ്രീ. രാജു. പി എന്നവർ ശമ്പള

സ്കെയിൽ അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ട് ഫയൽ ചെയ്ത W.P (C) No.12884/2013 കേസിലെ വിധിന്യായം പാലിച്ച്, ടിയാൾ സമർപ്പിച്ച ക്ലെയിം പരിഗണിച്ച്, താത്ക്കാലിക ജീവനക്കാരുടെ നിയമനത്തിന് സ്ഥിരസ്വഭാവമില്ലാത്തതിനാൽ കാസറഗോഡ് ജില്ലാ മിഷനിൽ ഡ്രൈവർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്ന ശ്രീ.പി.രാജു എന്നവർക്ക് സ്കെയിൽ ഓഫ് പേ അനുവദിക്കണമെന്നുള്ള ആവശ്യം അനുവദിക്കാൻ നിർവ്വാഹമില്ല എന്നും കുടുംബശ്രീയിൽ താത്ക്കാലിക സേവനത്തിൽ തുടർന്നു പോന്നിരുന്ന ഏതാനും ജീവനക്കാർക്ക് സ്കെയിൽ ഓഫ് പേ അനുവദിക്കുമ്പോൾ ശ്രീ.പി.രാജു കുടുംബശ്രീയിൽ സേവനമനുഷ്ഠിക്കുന്നുണ്ടായിരുന്നില്ല എന്നും ആയതിനാൽ ടിയാന് സ്പെഷ്യൽ കേസായി സ്കെയിൽ ഓഫ് പേ അനുവദിച്ചാൽ കുടുംബശ്രീയിലും മറ്റുള്ള സ്ഥാപനങ്ങളിലും ദിവസവേതനാടിസ്ഥാനത്തിൽ/താത്ക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കുന്ന ജീവനക്കാരും ഇതേ ആവശ്യവുമായി മുന്നോട്ട് വരാനിടയുള്ളതിനാൽ അനുവദിക്കാൻ കഴിയില്ല എന്നും പരാമർശം(4) പ്രകാരം ഉത്തരവായിട്ടുണ്ട്.

4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പരാമർശം(4) തീരുമാനത്തിനെതിരായി ശ്രീ.പി.രാജു സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. പരാമർശം (4) പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന 18 ജീവനക്കാർക്ക് ശമ്പളസ്കെയിൽ അനുവദിച്ച 13/01/2011 -ൽ ടിയാൻ കുടുംബശ്രീയിൽ ജോലി ചെയ്തു വരികയായിരുന്നെന്നും ആയതിനാൽ ടിയാനും ശമ്പളസ്കെയിൽ അനുവദിക്കണമെന്നും അപ്പീൽ അപേക്ഷയിൽ ശ്രീ.പി.രാജു ആവശ്യപ്പെട്ടിരുന്നു.

5. അപ്പീൽ തീർപ്പാക്കുന്നതിനായി 19.08.2025- ന് ശ്രീ.പി.രാജു എന്നവരെ കുടുബശ്രീ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ നേരിൽ കേട്ടു. 2010 മുതൽ കുടുംബശ്രീയിൽ ഡ്രൈവർ ആയി ജോലി നോക്കിയിരുന്ന ശ്രീ.പ്രേമചന്ദ്രൻ നായർ എന്നയാളെ സ്കെയിൽ ഓഫ് പേയിൽ നിയമിച്ചിട്ടുണ്ടെന്ന് ഹിയറിങ്ങ് വേളയിൽ ശ്രീ.പി.രാജു അറിയിക്കുകയുണ്ടായി.

6. ഇക്കാര്യത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (6) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ 11/11/2009 -ൽ കൂടിയ കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗം കുടുംബശ്രീയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ ശമ്പളസ്കെയിലിൽ നിയമിക്കുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചിരുന്നു എന്നും, ഈ കാലയളവിൽ കുടുംബശ്രീ മിഷനിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നവരുടെ പട്ടിക തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും, സർക്കാർ പരാമർശം (1) പ്രകാരം ശമ്പളസ്കെയിൽ അനുവദിച്ച് നൽകുകയുമുണ്ടായി എന്നും ശ്രീ.രാജു.പി, 20/4/2010-ന് ദിവസവേതനാടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിച്ച് 29/10/2012-ന് പിരിഞ്ഞു പോവുകയും, പിന്നീട് 22/11/2017-ന് വീണ്ടും ദിവസവേതനാടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിക്കുകയുമാണ് ചെയ്തിരിക്കുന്നത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. കുടുംബശ്രീയിൽ ഡ്രൈവർ ആയി ജോലി നോക്കിയിരുന്ന ശ്രീ.പ്രേമചന്ദ്രൻ നായർ 2009 മുതൽ കുടുംബശ്രീയിൽ തുടർന്നു വന്നിരുന്നതായും, ഇത് സംബന്ധിച്ച് ശ്രീ.പി.രാജു എന്നവരുടെ ഹിയറിംഗ് വേളയിലെ വാദങ്ങൾ ശരിയല്ലെന്നും അറ്റൻഡൻസ് വിവരങ്ങൾ സഹിതം 23/08/2025-ലെ പരാമർശിത കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസറഗോഡ് ജില്ലാ മിഷനിൽ ഡ്രൈവർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശ്രീ.പി.രാജു അപ്പീൽ അപേക്ഷയിലും ഹിയറിംഗ് വേളയിലും ഉന്നയിച്ച വാദഗതികൾ വാസ്തവവിരുദ്ധമാണെന്ന് വെളിവായിട്ടുള്ളതിനാലും ടിയാന് സ്പെഷ്യൽ കേസായി കെ എസ് & എസ് എസ് ആർ, പാർട്ട് II, ചട്ടം 9A(1) പ്രകാരം കരാറടിസ്ഥാനത്തിൽ ശമ്പളസ്കെയിലിൽ നിയമനം നല്കിയാൽ കുടുംബശ്രീയിലും മറ്റുള്ള സ്ഥാപനങ്ങളിലും ദിവസവേതനാടിസ്ഥാനത്തിൽ/താത്ക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കുന്ന മറ്റ് ജീവനക്കാരും ഇതേ ആവശ്യവുമായി മുന്നോട്ടു വരാനിടയുള്ളതിനാലും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പരാമർശം (4) പ്രകാരമുള്ള തീരുമാനം അംഗീകരിച്ചും, ശ്രീ.പി.രാജു സമർപ്പിച്ച

പരാമർശം (5) പ്രകാരമുള്ള അപ്പീൽ അപേക്ഷ നിരസിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

1. ശ്രീ.പി.രാജു, ഡ്രൈവർ (ദിവസ വേതനം)
   കാസറഗോഡ് ജില്ലാ മിഷൻ (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖേന)
2. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരള, തിരുവനന്തപുരം
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/497/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 06-05-2026 13:24:38

സെക്ഷൻ ഓഫീസർ